മിൽമയുടെ പ്രവർത്തനങ്ങൾ

58 (2691) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മിൽമയുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനം ലാഭകരമാക്കുന്നതിനുവേണ്ടി ഇക്കാലളവിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) മിൽമ യൂണിറ്റുകൾ സംസ്ഥാനത്ത് എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ ലാഭകരമായി പ്രവർത്തിക്കുന്നവയുടെ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിൽമ പാലിന്റെ വില്പന വില മൂന്നു തവണയായി 13 രൂപ വർദ്ധിപ്പിച്ചപ്പോൾ 11.64 രൂപ കർഷകർക്ക് നൽകിയത് സംഭരണ രംഗത്ത് വളർച്ചയുണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. മിൽമയുടെ പാൽ സംഭരണവുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവന്നിരുന്ന പാലിന്റെ അളവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംഘങ്ങളിലൂടെയുള്ള സംഭരണം 6.32 ലക്ഷം ലിറ്ററിൽനിന്നും 11 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. വിപണനം 10.99 ലക്ഷം ലിറ്ററായിരുന്നത് 12.50 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. മിൽമയുടെ പാൽ ഉല്പാദന നിർമ്മാണ വിപണന സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. പുതിയ ഐസ്ക്രീം പ്ലാന്റ്, ആട്ടോമാറ്റിക് ഗീ ഫില്ലിംഗ് പ്ലാന്റ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ശ്രീകണ്ഠപുരത്ത് പുതിയ ഡയറി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ബി.എം.സി. യൂണിറ്റുകൾ സ്ഥാപിക്കുകവഴി സംഘങ്ങളിലെ പാൽ സംഭരണവും അനുബന്ധ പ്രവർത്തനങ്ങളും, കൂടുതൽ സുഗമവും കാര്യക്ഷമവുമാക്കിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് വിവിധ വകുപ്പുകളിലൂടെ മിനി ഡയറി പദ്ധതി, പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനുള്ള സഹായം, തൊഴുത്ത് നിർമ്മാണത്തിന് സാമ്പത്തിക സഹായം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ എൻ.എം.പി.എസ്.

LIBRARY ARCHIVES Kerala Legislative Assembly

സ്കീം, സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി എന്നിവയിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക സഹായം നൽകുന്നുണ്ട്. മാർക്കറ്റിംഗ് ഹബ്ബുകൾ സ്ഥാപിക്കുകയും സംസ്ഥാന സർക്കാർ പദ്ധതിയിലൂടെ കനോപി വാഹനങ്ങൾ വിപണിയിൽ ഇറക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ത്രിതല സംവിധാനം ക്ഷീരമേഖലയെ ശാക്തീകരിക്കുവാൻ സഹായിച്ചുവരുന്നു.

(ബി) മാർക്കറ്റിംഗ് ഹബ്ബുകൾ സ്ഥാപിക്കുകയും പുതിയ ബൂത്തുകൾ നൽകുകയും വഴി പാലിന്റെ വിപണനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മിൽക്ക് പ്രോഡക്ട് മാനുഫാക്ചറിംഗ് യൂണിറ്റ്, മലമ്പുഴ, അരുർ കാലിത്തീറ്റ ഫാക്ടറികൾ എന്നിവയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും വിപണനം കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനും ഡയറികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ഗുണനിലവാരം നിയന്ത്രിക്കുന്നതിന് ലാബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി.

(സി) മിൽമയുടെ കീഴിൽ മൂന്ന് മേഖലാ യൂണിയനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കീഴിലാണ് ഡയറികൾ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മേഖലാ യൂണിയന്റെ കീഴിൽ 3 ഡയറി പ്ലാന്റുകളും, എറണാകുളം മേഖലാ യൂണിയന്റെ കീഴിൽ 4 ഡയറി പ്ലാന്റുകളും ഒരു പ്രോഡക്ട് ഡയറിയും മലബാർ മേഖലാ യൂണിയന്റെ കീഴിൽ 5 ഡയറി പ്ലാന്റുകളും പ്രവർത്തിച്ചുവരുന്നു. ഫെഡറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സെൻട്രൽ പ്രോഡക്ട്സ് ഡയറിയും കൂടാതെ 2 കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നു.

ക്ഷീരഗ്രാമ പദ്ധതി

59 (2692) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര ഗ്രാമപദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കാൻ എന്തെല്ലാം

LIBRARY ARCHIVES Kerala Legislative Assembly